കെഎസ്എ.കെടിഎം.പി.14/2022/18 തീയതി 28.11.2018

# കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-2017 മുതൽ 28-10-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 31-3-2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 9-11-2018 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29-10-2018 മുതൽ 9-11-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ്.പി.ജി. | ഓഡിറ്റ് ഓഫീസർ . |
| | ശ്രീ.ഷാന്റി ജോർജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബാബുരാജ്.കെ.ബി | ഓഡിറ്റർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ്. | ഓഡിറ്റർ |

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ. സി.ജെയിംസ് | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. പി.ജെ ജോസ് കുഞ്ഞ് | 01-04-2017മുതൽ 31-03-2018 വരെ |
| (ബി)നിർവ്വഹണാധികാരികൾ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി ഗിരിജ വി. റ്റി. | 01-04-2017മുതൽ 31-03-2018 |

| | | |
|---|---|---|
| | | വരെ |
| കൃഷി ഓഫീസർ | 1) ശ്രീമതി ഹണി ലിസ ചാക്കോ | 01-04-2017മുതൽ 22-10-2017 വരെ<br>29-12-2017മുതൽ 31-03-2018 വരെ |
| | 2)ശ്രീമതി ബിജി മോൾ കെ ബേബി | 23-10-2017മുതൽ 28-12-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അജിത കെ എസ് | 01-04-2017മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിജു. കെ | 01-04-2017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജി. ഹരികുമാർ | 01-04-2017 മുതൽ 02-02-2018വരെ |
| | | 03-02-2018 മുതൽ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. അനിറ്റ ജോസഫ്<br>ഡോ .ഇ.എം സൈനുദ്ദീൻ | 01-04-2017 മുതൽ 30-11-2017വരെ<br>01-12-2017 മുതൽ 31-03-2018വരെ |
| ഗ്രാമസേവകൻ | ശ്രീ സജിത്ത്. ഡി | 01-04-2017 മുതൽ 31-03-2018വരെ |
| ഗ്രാമസേവകൻ | ശ്രീ.അരുൺ പിള്ള | 10-09-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ജ്യോത്സന സദാനന്ദൻ | 01-04-2017 മുതൽ 31-03-2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1)അനിയൻ<br>2)ഷിഹാബുദ്ദീൻ ടി എസ് | 01-04-2017 മുതൽ 10-11-2017വരെ<br>11-11-2017 മുതൽ 31-03-2018വരെ |

<u>ഉള്ളടക്കം</u>


| ഭാഗം 1 | |
|---|---|
| ഖണ്ഡിക നമ്പർ | ഖണ്ഡിക |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം. |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 2-1 | അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല |
| 2-2 | പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു |
| 2-3 | ബി.എസ്.എൻ.എൽ.മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 2-4 | ഡി & ഒ ട്രേഡ് ലൈസൻസ് |
| 2-5 | അപേക്ഷകളിന്മേൽ കൃത്യമായ പിരശോധനകളില്ലാതെ ഡി & ഒ ലൈസൻസ് അനുവദിക്കുന്നു |
| 2-6 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |

| | |
|---|---|
| 2-7 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ കൺസ്യൂമർ ഫെഡിന് വാടകരഹിതമായി നൽകി |
| 2-8 | കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല |
| 2-9 | ഇ-ടെണ്ടർ ഫീസ് ലഭ്യമായില്ല |
| 2-10 | ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു |
| 3-1 | ചെലവഴിച്ചത് ലക്ഷങ്ങൾ – പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ഭാഗികം – 4,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-2 | ലോഗ് ബുക്കിൽ ചേർത്തിട്ടില്ലാത്ത ഡീസലിന്റെ വില – ചെലവ് അംഗീകരിക്കുന്നില്ല |
| 3-3 | സിമന്റ് പേവർ ബ്ലോക്ക് വിരിക്കൽ – അധിക തുക നൽകി |
| 3-4 | ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കി – കൺവീനർക്ക് അധിക തുക നൽകി |
| 3-5 | ലോഗ് ബുക്കില്ലാത്ത യാത്രകൾക്ക് യാത്രാപ്പടി നൽകിയത് അംഗീകരിക്കുന്നില്ല |
| 3-6 | ക്ഷീര കർഷകർ അളക്കുന്ന പാലിന് സബ്സിഡി – അധിക തുക നൽകി – ചെലവ് നിരാകരിക്കുന്നു |
| 3-7 | പൊതു ടാപ്പുകളുടെ വെള്ളക്കരം – സംയുക്ത പരിശോധന നടത്തിയില്ല |
| 3-8 | വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തത് – കരാർ ഇല്ല |
| 3-9 | ജലനിധി പദ്ധതി സംബന്ധിച്ച് |
| 3-10 | വേസ്റ്റ് ബിൻ സ്ഥാപിക്കൽ – നിർവ്വഹണത്തിലെ അപാകതകൾ |
| 3-11 | തുക പണമായി നൽകൽ – ക്രമവിരുദ്ധം |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |

| | |
|---|---|
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-2018 വർഷത്തെ ബജറ്റ് 29.03.2017 തിയതിയിലെ ഒന്നാം നം. തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.03.2018 ലെ ഒന്നാം നം തീരുമാനപ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് പ്രകാരമുള്ളത് | വാർഷിക കണക്ക് പ്രകാരമുള്ളത് | കൂടുതൽ/കുറവ് | വ്യതിയാനം ശതമാനത്തിൽ |
|---|---|---|---|---|
| മുന്നിരിപ്പ് | 823078 | 8302924 | -7479846 | 909 |
| വരവ് | 134978000 | 67849397 | +67128603 | 50 |
| ആകെ | 135801078 | 76152321 | +59648757 | 43.92 |
| ചെലവ് | 134611000 | 71770810 | 62840190 | 46.68 |
| നീക്കിയിരിപ്പ് | 1190078 | 4381511 | -3191433 | 268 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള പൊരുത്തക്കേട് വളരെ വലുതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും യഥാർത്ഥ്യബോധത്തോടെ കണക്കുകൾ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ

<u>വിവരം.</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-2018 | 13.06.2018-14.06.2018 | നം.കെ.എസ്.എ-കെ.റ്റി.എം-14/1156/2018 തിയതി 19.06.2018 |

ധനകാര്യപത്രിക പരിശോധിച്ച് മേൽ നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് പട്ടിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 <u>സാമ്പത്തിക വിശകലനം</u>

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് - 8302924

വരവ് - 67849397

ആകെ - 76152321

ചെലവ് - 71770810

നീക്കിയിരിപ്പ്- 4381511

## 1-5 <u>ഫണ്ട് വിനിയോഗം</u>

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7479000 | 7479000 | 7479000 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 976403 | 976403 | 976403 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1019586 | 1019586 | 1019586 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12422550 | 12422550 | 11475608 | 946942 | 93 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2591000 | 2591000 | 2515188 | 75812 | 97 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3998029 | 3998029 | 4497710# | | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 38309 | 38309 | 38309 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 9986 | 6337218 | 6347204 | 6337756 | 9448 | 99.85 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 3747000 | 3747000 | 3747000 | 0 | 100 |
| ബ്ളോക്ക് വിഹിതം | 0 | 625000 | 625000 | 570657 | 54343 | 91.31 |
| ജില്ലാപഞ്ചായത്ത് വിഹിതം | 0 | 1200000 | 1200000 | 200000 | 1000000 | 16.67 |
| നിർമ്മൽ ഫണ്ട് | 250000 | 250000 | 500000 | 149531 | 350469 | 29.90 |
| മീനച്ചിലാറ് - മീന്തലയാറ് ഫണ്ട് | 0 | 500000 | 500000 | 0 | 500000 | 0 |
| തനത് ഫണ്ട് | 2553880 | 5034884 | 7508764 | 5721945 | 1866819 | 75.4 |

# 2017-18 മാർച്ച് 30 ന് പ്രത്യേകമായി അനുവദിച്ച 4684500/- രൂപ സുലേഖയിൽ വാലിഡേഷനിൽ ഉൾപ്പെട്ടിട്ടില്ല എങ്കിലും സാംഖ്യയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും 499681/- രൂപയുടെ ബില്ല് നൽകിയിട്ടുണ്ട്. ഇതുൾപ്പെടെയുള്ള ചെലവാണ് നൽകിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം.

പദ്ധതി രൂപീകരണം

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും ഗ്രാമസഭകളുടെയും യോഗംചേരൽ, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. 2017-18വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രഥമയോഗം 2017 മാർച്ച് പതിമൂന്നാം തീയതിയിൽ ചേർന്നിട്ടുണ്ടെന്ന് യോഗമിനിറ്റ്സുകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ് പൂർത്തീകരിക്കുന്നതിന് പകരം വിഷയങ്ങൾ പ്രിന്റെടുത്ത് പതിപ്പിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 25.02.17, 27.02.2017, 28.02.17, 26.02.17, 01.03.2017, 04.03.2017, 05.03.2017, 04.03.2017 തീയതികളിൽ ചേരുകയുണ്ടായി. ഗ്രാമസഭകളിൽ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നു.എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി നിർദ്ദേശങ്ങൾ സമഗ്രമായ ചർച്ചകൾക്ക് വിധേയമാക്കിയിട്ടില്ല. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 17.10.2017ൽ ഊരുകൂട്ട യോഗവും വികലാംഗ ഗ്രാമസഭയും നടക്കുകയുണ്ടായി. ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 2.5.2017-ൽ കൂടിയ വികസനസെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 03.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തു. (തീരുമാനം നം-I(1) ).

പദ്ധതി അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2018ലെ 490/17/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 4,07,89,015-/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 164 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 142 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 40789015/- രൂപ വകയിരുത്തിയതിൽ 29185404/-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. വാർഷികപദ്ധതിച്ചെലവ് 71.55 ശതമാനമാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ പ്രകാരം വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതി നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിങ്ങനെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ല. ഇത് പദ്ധതിരൂപീകരണ/ നിർവ്വഹണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽനിരീക്ഷണച്ചുമതല ഫലപ്രദമായി നിറവേറ്റിയിട്ടില്ല.

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഇപ്രകാരം മേൽനിരീക്ഷണം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 12 വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ വാർഷികപദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 40789015 | 142 | 29185404 | 22 | -- | 86.58 |
| 2016-17ലെ സ്പിൽ ഓവർ 14 | | | | 2018-19ലെ സ്പിൽ ഓവർ 22 | | |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷിഓഫീസർ | 05 | 05 | 989225 | 989225 | 100% |
| വെറ്ററിനറി സർജൻ | 05 | 05 | 2772800 | 1372800 | 49.5% |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | 03 | 03 | 775000 | 520740 | 67.19% |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 01 | 01 | 100000 | 100000 | 100% |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 01 | 01 | 250000 | 250000 | 100% |
| വി.ഇ.ഒ | 20 | 20 | 3385934 | 3044063 | 89.9% |
| ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 03 | 03 | 2274072 | 2016792 | 88.6% |
| സെക്രട്ടറി | 25( 2) | 22 | 11374882 | 6110505 | 53.7% |
| അസിസ്റ്റന്റ് എൻഞ്ചിനീയർ | 100 (12) | 84 | 18542102 | 14456279 | 77.96% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 325000 | 325000 | 100% |
| ആകെ | 164 | 145 | 40789015 | 29185404 | 71.55 |

ഉല്പാദന മേഖലയിൽ കാർഷികോത്പാദന വർദ്ധനവിന് ഉതകുന്ന പച്ചക്കറിതൈ,കുരുമുളക് തൈ,ടിഷ്യുകൾച്ചർ വാഴത്തൈ,കുള്ളൻ തെങ്ങിൻ തൈ വിതരണം എന്നീ പദ്ധതികളും വരുമാനവർദ്ധനവിന് ഉതകുന്ന പദ്ധതികളായ വനിതകൾക്ക് മുട്ടക്കോഴി, പാലുല്പാദന വർദ്ധനവിന് കറവ പശുക്കൾ എന്നിവയുടെ വിതരണവും നടത്തി. എസ്.സി വിഭാഗത്തിന്റെ വരുമാന വർദ്ധനവിനുതകുന്ന ഓട്ടോറിക്ഷ വാങ്ങലും നടപ്പാക്കി.

ആരോഗ്യമേഖലയിൽ പാലിയേറ്റീവ് കെയർ, രോഗപ്രധിരോധ പ്രവർത്തനങ്ങൾ, മരുന്നുവാങ്ങൽ എന്നീ പതിവ് പദ്ധതികൾക്കപ്പുറം സമഗ്രമായ മാറ്റത്തിനുതകുന്ന പ്രോജക്ടുകളൊന്നും തന്നെ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

മാലിന്യ നിർമ്മാർജനത്തിനായി വിവിധ വാർഡുകളിൽ വെയ്സ്റ്റ് ബിൻ സ്ഥാപിക്കൽ, ബോധവൽക്കരണ പരിപാടികൾ, പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷീനറി വാങ്ങൽ, അനുബന്ധ സൗകര്യമൊരുക്കൽ എന്നീ പദ്ധതികളും നടപ്പാക്കി. എങ്കിലും പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പൂർണ്ണമായി ഫലപ്രദമായിട്ടില്ല.

പഞ്ചായത്തിന് ഐ. എസ് ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയത് അഭിമാനാർഹമായ നേട്ടമാണ്.

വിവിധ പദ്ധതികളിലായി സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 7979778 | 7479000 | 93.72 |
| വികസനഫണ്ട്(എസ്.സി.പി) | 977000 | 976403 | 99.94 |
| വികസനഫണ്ട്(റ്റി.എസ്.പി) | 1020000 | 1019586 | 99.96 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 4757386 | 4497710 | 94.54 |
| ലോകബാങ്ക് സഹായം | 38309 | 38309 | 100 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1100000 | 143220 | 13.02 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 250000 | 0 | 0 |
| തനത് ഫണ്ട് | 103850 | 12489 | 12.03 |
| ബ്ളോക്ക് വിഹിതം | 2125000 | 370740 | 17.45 |
| ജില്ലാപഞ്ചായത്ത് വിഹിതം | 4100000 | 200000 | 4.88 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 13679085 | 11475608 | 83.89 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2701287 | 2515188 | 93.11 |
| മറ്റുള്ളവ | 1957320 | 457151 | 100 |
| ആകെ | 40789015 | 29185404 | 71.55 |

ലഭ്യമായ ഫണ്ടുകളുടെ ചെലവ് ശതമാനം ഉയർത്താൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാപഞ്ചായത്ത് വിഹിതത്തിൽ വകയിരുത്തിയ തുകകളുടെ നാലിലൊന്നുപോലും ചെലവഴിക്കാനായില്ല. സംസ്ഥാനവിഹിതമിനത്തിൽ 2,50,000 രൂപ വകയിരുത്തിയെങ്കിലും തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല.

## 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

*2017-18* സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ *13* വാർഡുകളിലും കൂടിയിട്ടുണ്ട്. തൻവർഷം ആകെ *123* പദ്ധതികൾ വിഭാവനം ചെയ്തതിൽ *75* പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിയ്ക്കുകയും *73* പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ *14621*തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും *223* കുടുംബങ്ങൾ പദ്ധതിയുമായി സഹകരിയ്ക്കുകയും ചെയ്തു. പ്രകൃതി വിഭവ സംരക്ഷത്തിന് മുൻഗണന നൽകിക്കൊണ്ട് മഴക്കുഴി നിർമ്മാണവും തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ, റോഡ് കോൺക്രീറ്റിംഗ്, തോട് ആഴം കൂട്ടൽ, ഐ.എ.വൈ.ഭവനനിർമ്മാണം എന്നീ പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയത്. പദ്ധതി പ്രകാരമുള്ള ആകെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9986 |
| വരവ് | 827149 |
| ഇ.എഫ്.എം.എസ് വരവ് | 5509182 |
| പലിശ വരവ് | 887 |
| ആകെ | 6347204 |
| ചെലവ് | 6337756.50 |
| നീക്കിയിരിപ്പ് | 9447.50 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 36 | 41160 |
| കർഷകതൊഴിലാളി പെൻഷൻ | 182 | 559500 |
| വിധവാ പെൻഷൻ | 273 | 864000 |
| വാർദ്ധക്യകാലപെൻഷൻ | 530 | 1729200 |
| വികലാംഗപെൻഷൻ | 136 | 339300 |
| അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 54600 |
| വിവാഹധനസഹായം | 4 | 120000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2018 3.30 ന് ഹെഡ്ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,475/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഭരണപരമായ നയങ്ങളുടെ പരിപാലനം,പ്രക്രിയകൾ,നടപടിക്രമങ്ങൾ,കടമകൾ,പെരുമാറ്റങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ആഭ്യന്തരനിയന്ത്രണം. തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനിൽക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത,പൂർണത,ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത ,ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി തീക്കോയി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയും, അത് കാര്യക്ഷമമായി നിലനിർത്തേണ്ട ഉത്തരവാദിത്തത്തെപ്പറ്റിയും ഭരണസമിതിക്ക് ബോദ്ധ്യമുള്ളതായി വിവരശേഖരണത്തിൽ വ്യക്തമാകുന്നു.ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുള്ളത് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമാണ്.

വൗച്ചറുകളും അനുബന്ധരജിസ്റ്ററുകളും രേഖകളും സാമാന്യം നന്നായി സൂക്ഷിച്ചിട്ടുണ്ട്.നിർവഹണഉദ്യോഗസ്ഥരുടെ ഫയൽസൂക്ഷിപ്പും വളരെ മെച്ചമാണ്.എന്നാൽ ഔദ്യോഗികവാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പിൽ നിയമാനുസൃത നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല.കൂടാതെ പല കമ്മിറ്റിതീരുമാനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും വീഴ്ച

വരുത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/10/2018 | 09/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/01/2018-08/02/2018 | 2012-2013 —20.6-2017 | എൽ. ബി.എ(എച്ച്.ക്യു. )11/8എ 2781/380 തിയതി 12/04/2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് വാർഷിക കണക്കിലെ ബി-1 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല
2. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ ഡിമാൻറ്,കളക്ഷൻ,ബാലൻസ് തുകകൾ "സഞ്ചയ"പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി ₹ 1,20,000/-ചെലവഴിച്ചിട്ടുണ്ടെങ്കിലും ₹ 30,000/-മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്.
4. ബാലൻസ് ഷീറ്റ് ബി 4ഷെഡ്യൂൾ പ്രകാരം 385926രൂപ ഐ.സി.ഡി.എസ് കേന്ദ്രവിഹിതം നീക്കിയിരിപ്പുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് 308850രൂപ മാത്രമാണ്.77076 രൂപയുടെ ചെലവ് 251400101ചെലവ് ഹെഡിൽ മാറി രേഖപ്പെടുത്തിയതാണ് അപാകതക്ക് കാരണം.
5. ഹാൾ,ഓഡിറ്റോറിയം ഡപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകിയ ₹500/-റെന്റ് ഡപ്പോസിറ്റിൽ തെറ്റായി കുറവ് ചെയ്തതുമൂലം ഈ രണ്ടിനങ്ങളിലും ₹500/-യുടെ വ്യത്യാസം നിലനിൽക്കുന്നു.
6. 12.7.2017 ൽ ഇ.എം.ഡി ഇനത്തിൽ തിരികെ നൽകിയ ₹1500/-(ചെക്ക് നം.33302, 33303) പണമാക്കാത്തതിനാൽ Liability in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് പകരം ഇ.എം.ഡി ബാധ്യത കണക്കിൽ തിരികെ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.
7. അങ്കണവാടി നിർമ്മാണത്തിന് NREGA സംസ്ഥാന കാര്യാലയത്തിൽ നിക്ഷേപിച്ചിട്ടുള്ള ₹2,00,000/-Advance to Implementing agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം Capital work in progress എന്ന ശീർഷകത്തിലാണ് ഉൾപ്പടുത്തിയിട്ടുള്ളത്.
8. ഫൈനൽബിൽ നൽകിയതും പൂർത്തീകരിച്ചതുമായ ₹ 556845/-യുടെ വർക്കുകൾ ആസ്തിയാക്കി മാറ്റാതെ Capital work in progress ശീർഷകത്തിൽ നിലനിർത്തിയിരിക്കുന്നു.

9. സ്ട്രീറ്റ്ലൈൻ വലിക്കലിനായി കെ.എസ്.ഇ.ബി.യിൽ 11,09,156/-രൂപ നിക്ഷേപിച്ചിട്ടുള്ളതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് വാർഷിക ധനകാര്യപത്രിക ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 (AA), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന യു എ ,എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നൽകേണ്ടതാണ്. പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ വരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും കൂടി ചേർന്ന തുക വസ്തു നികുതിയായി നിർണ്ണയിച്ച് കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ തീക്കോയി ഗ്രാമപഞ്ചായത്ത് അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരമുള്ള പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കാത്തതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | VII/UA/1 | ഉദയകുമാർ<br>പുളിയംചോട്ടിൽ<br>വഴിക്കടവ് |
| 2 | VII/UA/2 | നിഷാദ്<br>പുതുവീട്ടിൽ |
| 3 | VII/UA/3 | മേരിക്കുട്ടി<br>മഴവൻചേരിൽ |
| 4 | VII/UA/4 | സീനത്ത് സി പി<br>വരിക്കാനിക്കുന്നേൽ |
| 5 | VII/UA/5 | ബാബു<br>കുരിശുംതൊട്ടിയിൽ |
| 6 | VII/UA/6 | ശശി ശിവരാമൻ<br>പുത്തൻപുരക്കൽ |
| 7 | VII/UA/7 | ഷൈജു<br>പുത്തൻപുരക്കൽ |
| 8 | VII/UA/8 | ജൂലിയറ്റ് ജോർജ്<br>പുത്തൻവീട്ടിൽ |
| 9 | VII/UA/9 | കലാ ശിവ<br>പുത്തൻവിളയിൽ |

| | | |
|---|---|---|
| 10 | VII/UA/10 | റോസമ്മ<br>മഴവൻചേരിൽ |
| 11 | VII/UA/11 | സ്റ്റീഫൻ<br>പേഴമൂട്ടിൽ |
| 12 | VII/UA/12 | പി കെ വാവച്ചൻ<br>പുഷ്പന്തറ |
| 13 | VII/UA/13 | സരള രാജൻ<br>തൊമ്മൻപറമ്പിൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (19/7.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കാത്തത് മൂലം ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിൻെറ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | X/97 A | സോമനാ<br>പടവിൽ | ഹോളോ ബ്രിക്സ്, സോളിഡ് ബ്രിക്സ് നിർമ്മാണവും വിൽപ്പനയും |
| 2 | VII/132 | ദേവസ്യാ ജോസഫ്<br>മഴവൻ ചേരിൽ | തടി, സ്റ്റീൽ ഫർണിച്ചറുകൾ വിൽപ്പന |
| 3 | XII/102 | ജോസഫ് ജെ<br>തയ്യിൽ | റബ്ബർ സംഭരണം |
| 4 | II/329 | എം കെ ഷൈല<br>മുരിക്കോലിൽ | പലചരക്ക് വിൽപ്പന |

| | | | |
|---|---|---|---|
| 5 | VII/130 | ലിസ്സി തോമസ്<br>പള്ളിക്കുന്നേൽ | ചായക്കട |
| 6 | VII/162 | അന്നമ്മ<br>മേളാകയിൽ | കോഫിബാർ |
| 7 | VI/48 A | കുര്യൻ ആൻറണി<br>വള്ളിയാന്തടത്തിൽ | പലചരക്ക് കട |
| 8 | VIII/157 | കൃഷ്ണൻ മണി<br>കീടാരത്തിൽ | ചായക്കട |
| 9 | VIII/228 | വർക്കി ദേവസ്യ<br>വേലിക്കകത്ത് | ബേക്കറി, കൂൾബാർ |
| 10 | VII/161 | അന്നമ്മ<br>മേളാകയിൽ | തേയിലപ്പൊടി വിൽപ്പന |
| 11 | II/235 | എം ഡി ദേവസ്യ<br>പ്രസിഡൻറ്<br>വ്യാപാരി വ്യവസായി<br>ഏകോപന സമിതി | ബേക്കറി |
| 12 | X/131 | വി അയ്യപ്പൻ<br>പ്ലാക്കൂട്ടത്തിൽ | ഫർണിച്ചർ വർക്ഷോപ്പ് |
| 13 | II/112 | ലിജി ജി<br>കടപ്ലാക്കൽ | മലഞ്ചരക്ക് വ്യാപാരം |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (18/7.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. പാർപ്പിടാവശ്യത്തിനായി കെട്ടിടത്തിൻെറ നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതുമൂലം പഞ്ചായത്തിന് നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ശരിയായ ഉപയോഗക്രമത്തിൻെറ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

മൊബൈൽ ടവറുകൾക്ക് 14.01.2011ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. തീക്കോയി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10മൊബൈൽ ടവറുകളിൽ 3 എണ്ണം ബി.എസ്.എൻ.എൽ.- ൻെറ ഉടമസ്ഥതയിലുള്ളതാണ്. ഈ മൂന്ന് ടവറുകളുടെയും വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | വസ്തു നികുതി ഇനത്തിലെ 2017-18 വരെയുള്ള കുടിശ്ശിക |
|---|---|---|
| 1 | 2/209 | 39162 |
| 2 | 7/54/B | 35440 |
| 3 | 11/251/C | 24516 |

മേൽ വിഷയം സംബന്ധിച്ച നൽകിയ അന്വേഷണകുറിപ്പിന് (12/3.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഒ(ആർ.ടി)2640/2012/ത.സ്വ.ഭ.വ.തീയതി 19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ടവറുകളുടെ പെർമിറ്റ് ഫീ, വസ്തുനികുതി എന്നിവ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ട്രേഡ് ലൈസൻസ് - അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യൻെറ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. 2017-18 സാമ്പത്തിക വർഷം 176 സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2015-16ൽ 62 സ്ഥാപനങ്ങൾക്കും 2016-17ൽ 95 സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 81 സ്ഥാപനങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഡി & ഒ ട്രേഡ് ലൈസൻസ് നൽകേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും ലൈസൻസിനായി നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കായി മാത്രം ലിസ്റ്റ് തയ്യാറാക്കുന്നു. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 176 സ്ഥാപനങ്ങളാണ് ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 350 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 77 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 3 |
| ഓഫീസ് ആവശ്യം | 22 |

| | |
|---|---|
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 35 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 20 |
| ആകെ എണ്ണം | 507 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 507 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 176 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു. പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായങ്ങളുടെ ആധികാരികമായ ലിസ്റ്റ് കൃത്യമായ വിവര ശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ഡി & ഓ ട്രേഡ് ലൈസൻസ്, ട്രെഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രെഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2) ഡി ആൻറ് ഒ ലൈസൻസിന് അപേക്ഷിക്കേണ്ട സ്ഥാപനങ്ങളിൽ ആകെ 10എണ്ണം മാത്രമാണ് നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകിയത്. 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 30.10.2017ൽ സർക്കാർ ചട്ടം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം 1.11.2017മുതൽ പുതിയ ചട്ടപ്രകാരമാണ് ലൈസൻസ് നൽകേണ്ടയിരുന്നത്. 1.11.2017മുതൽ 6സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എങ്കിലും ആയത് 1996ലെ ചട്ടപ്രകാരമാണ്. തുടർന്നുള്ള വർഷങ്ങളിൽ ഭേദഗതി പ്രകാരം ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ഡി & ഒ ലൈസൻസ് നൽകുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനു പ്രത്യേക ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷയിൽ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 3 | ആൻസ് ഇൻഡസ്ട്രീസ് | 5 HP | 100 |
| 2 | 5 | തീക്കോയി ഗ്രാനൈറ്റ്സ് | 150 HP | 2000 |
| 3 | 22 | തനിമ വുഡ് വർക്ക്സ് | 9.5 HP | 100 |

| | | | | |
|---|---|---|---|---|
| 4 | 42 | പി എസ് വുഡ് വർക്സ് & കാർവിങ് | 4 HP | 50 |
| 5 | 48 | സെൻ്റ് മേരീസ് സോ മിൽ | 38 HP | 400 |
| 6 | 49 | സാഫല്യ മിൽസ് | 13 HP | 200 |
| 7 | 54 | ഓറിയൻ്റൽ കോഫി വർക്സ് | 12 HP | 200 |
| 8 | 117 | മരിയ ഓയിൽ & ഫ്ലോർ മിൽ | 23 HP | 300 |
| 9 | 119 | അയ്യപ്പൻ ഫർണിച്ചർ മാർട്ട് | 4.5 HP | 50 |
| 10 | 141 | സെൻ്റ് ജോർജ് ഫർണിച്ചർ മാർട്ട് | 4 HP | 50 |
| 11 | 147 | ന്യൂ ടീച്ച ടെക് ഹോം എൻജിനിയേഴ്സ് | 4 HP | 50 |
| 12 | 166 | മരിയ എഞ്ചിനീയറിംഗ് വർക്സ് | 8.5 HP | 100 |
| 13 | 175 | ക്വാളിറ്റി ഫർണിച്ചർ | 4 HP | 50 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (5/2.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപന ഉടമകളിൽ നിന്നും അർഹമായ

ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 അപേക്ഷകളിന്മേൽ കൃത്യമായ പരിശോധനകളില്ലാതെ ഡി & ഒ ട്രേഡ് ലൈസൻസ് അനുവദിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യമോ ആയേക്കാനിടയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. ഇത്തരം അപേക്ഷകളിന്മേൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തിയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിക്കുന്നത്. എന്നാൽ കൃത്യമായ പരിശോധനകളില്ലാതെയാണ് ലൈസൻസ് അനുവദിക്കുന്നത് എന്ന് ഓഡിറ്റിൽ വ്യക്തമാകുന്നു. ഉദാഹരണത്തിന് 2017-18 സാമ്പത്തിക വർഷം ഞള്ളമ്പുഴ റബ്ബേഴ്സ് എന്ന പേരിൽ ഒരു റബ്ബർ വ്യാപാര സ്ഥാപനം നടത്തുവാൻ ശ്രീ. എൻ എം മാത്യു എന്നയാൾക്ക് ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസിനുള്ള അപേക്ഷയിൽ ടി സ്ഥാപനം ശ്രീ. പി എസ് റോയി, നെല്ലുവേലിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള XII/307 -ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാടക കരാർ ഉടമ്പടിയിൽ ഉടമസ്ഥൻ ശ്രീ. പി എസ് റോയി, നെല്ലുവേലിൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിട നമ്പർ എഴുതിച്ചേർത്തിട്ടില്ല. എന്നാൽ 'സഞ്ചയ' പ്രകാരം XII/307 -ാം നമ്പർ കെട്ടിടം ശ്രീ. ചാൾസ് ജോസഫ്, തയ്യിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണ്. ഡി & ഒ ലൈസൻസ് അപേക്ഷയിന്മേൽ കൃത്യമായ പരിശോധന നടത്താതെ ലൈസൻസ് നൽകിയതിനാലാണ് ഇപ്രകാരം തെറ്റ് സംഭവിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് , കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും ലൈസൻസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. എന്നാൽ തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നു.

1) തീക്കോയി ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ കുരിശുമല ആശ്രമത്തിന് കീഴിൽ ഒരു കന്നുകാലി ഫാം വർഷങ്ങളായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി രേഖകളിൽ കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (13(1)/05.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ലൈസൻസില്ലാതെ കന്നുകാലി ഫാം വർഷങ്ങളായി പ്രവർത്തിക്കുന്നത് ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നതുമാകയാൽ മേൽ സ്ഥാപനത്തിന് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഫാമുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. 100ൽ കൂടുതൽ എണ്ണം കോഴികളെ

വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. കോഴികളുടെ എണ്ണം സംബന്ധിച്ച് രേഖകളിൽ വിവരം ഇല്ല.

| ക്രമ നം. | കെട്ടിടം | സ്ഥാപന ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | I/202 A | ഓമന തോമസ് പുതമപ്രക്കുന്നേൽ | കോഴി വളർത്തൽ ഷെഡ് |
| 2 | XIII/7 | മാത്യു ജോർജ് കണ്ടത്തിൻകര | കോഴി വളർത്തൽ ഷെഡ് |
| 3 | XIII/180 A | ഷാജി ജോർജ് ഇളംതുരുത്തിയിൽ | കോഴി വളർത്തൽ ഷെഡ് |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (13(2)/05.11.2018) പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ കൺസ്യൂമർ ഫെഡിന് വാടകരഹിതമായി നല്കി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ്കോംപ്ലക്സിന്റെ മുറി 2012 ൽ കൺസ്യൂമർഫെഡിന് വാടക രഹിതമായി 5 വർഷത്തേക്ക് നല്കിയിരുന്നതാണ്.ടികാലാവധി 2017 ൽ കഴിയുന്ന സാഹചര്യത്തിൽ 19-5-17 ലെ കത്ത് പ്രകാരം 1 വർഷത്തേക്ക് കൂടി നീട്ടി നല്കിയതായി കാണുന്നു. എന്നാൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നല്കിയ കാലാവധി 2018 മാർച്ചിൽ അവസാനിച്ചിട്ടും വാടക നിശ്ചയിക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. നിലവിലും കൺസ്യൂമർ ഫെഡ് ന്റെ സ്ഥാപനം ഷോപ്പിംഗ്കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്നു.

6-10-17-ലെ 14-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം പരിഗണിച്ചുവെങ്കിലും പ്രായോഗികനടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് 31.10.2018ൽ നൽകിയ 2-ാം നമ്പർ ഓഡിറ്റ് തടസ്സപത്രികയ്ക്ക് വാടക ഈടാക്കുന്നതാണെന്ന മറുപടി സെക്രട്ടറി നൽകുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-8 കമ്മിറ്റിതീരുമാനം നടപ്പാക്കിയില്ല.

2017 ലെ 95-ാം നമ്പർ പ്രോജക്റ്റിന്റ ഭാഗമായി പൊളിച്ചുനീക്കിയ കല്ലം സബ്സെന്ററിന്റെ 750 ഓടുകൾ മൂല്യനിർണയപ്രകാരമുള്ള 3 രൂപ നിരക്കിലും,ഇതോടൊപ്പം പൊളിച്ചുമാറ്റിയ ജനൽ 2500 രൂപയ്ക്കും ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ 17-7-2017 ലെ 11-ാം നമ്പർ അജണ്ടയിലെ 13-ാം നമ്പർ പ്രകാരം തീരുമാനമെടുത്തിരുന്നു. ലേല നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ലേലനടപടികൾ നടന്നിട്ടില്ലയെന്നാണ് സെക്രട്ടറി അറിയിച്ചത്. കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥ തലത്തിലും, കമ്മിറ്റി തീരുമാനം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പുനരന്വേഷണം ഭരണസമിതിയുടെ ഭാഗത്തും ഇല്ലാത്തതാണ് ഇത്തരം വീഴ്ചകൾക്ക് കാരണം.

പൊളിച്ചുമാറ്റിയ ഉപയോഗയോഗ്യമായ സാധനങ്ങൾ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലവിളംബം കൂടാതെ ലേലം ചെയ്ത് മുതൽകൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഇ-ടെൻഡർ ഫീസ് ലഭ്യമായില്ല

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മാണം നടത്തുന്ന, ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ (നം.134/18) വളവനാർകുഴി അങ്കണവാടി നിർമാണം എന്ന പ്രോജക്ടിന്റെ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇ-ടെൻഡർ നടത്തുകയുണ്ടായി. ഇ.എം.ഡി.7500/, ടെൻഡർ ഫീസ് 1120/ ആയിട്ടുള്ള പ്രസ്തുത ടെൻഡർ നടപടികൾ സെക്രട്ടറിയാണ് നടത്തിയത്. 2 പേർ പങ്കെടുത്ത പ്രസ്തുത ടെൻഡറിന്റെ ഇ.എം.ഡി, ടെൻഡർ ഫീസ് എന്നിവ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിൽ ആണ് വരവായിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രണ്ട് അക്കൗണ്ടുകൾ ഇടപാടുകളില്ലാതെ നിലനിൽക്കുന്നുണ്ട്. കോട്ടയം ജില്ലാ സഹകരണ ബാങ്ക് ഈരാറ്റുപേട്ട ബ്രാഞ്ചിൽ 6957 ആയി നിലനിൽക്കുന്ന അക്കൗണ്ടിൽ 31.03.2014മുതൽ ഇടപാടുകൾ നടക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം 2381/- രൂപ ഓപ്പണിംഗ് ബാലൻസുണ്ടായിരുന്നു. മെയിൻറനൻസ് ചാർജ് 24/- രൂപ കുറച്ച് 2357/- രൂപ നിലവിൽ അക്കൗണ്ടിൽ ഉണ്ട്. തീക്കോയി സർവ്വീസ് സഹകരണ ബാങ്കിൽ 3427 നമ്പറായി നിലനിൽക്കുന്ന സാക്ഷരതാ അക്കൗണ്ടിൽ 2005 വർഷം മുതൽ ഇടപാടുകൾ നടക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം 1505/- രൂപ ഓപ്പണിംഗ് ബാലൻസുണ്ടായിരുന്നു. പലിശ 58/- രൂപ അടക്കം 1563/- രൂപ നിലവിൽ അക്കൗണ്ടിൽ ഉണ്ട്. മേൽപ്പറഞ്ഞ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവഴിച്ചത് ലക്ഷങ്ങൾ - പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം ഭാഗികം - 4,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. – 113/17-18

പ്രോജക്ട് – മാലിന്യനിർമ്മാർജ്ജനം – പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് മെഷീനറി വാങ്ങൽ

അടങ്കൽ – 4,25,000 (വികസനഫണ്ട്)

ചെലവ് – 4,25,0000/-

നിർവ്വഹണം – സെക്രട്ടറി

മാലിന്യനിർമാർജനത്തിനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് മെഷീനറി വാങ്ങി സ്ഥാപിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്റ്റ് പ്രകാരമുള്ള വാങ്ങലിനായി ടെന്റർ ക്ഷണിച്ചതിൽ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുള്ള ഷ്രെഡിംഗ് യൂണിറ്റിന് പ്രകൃതി , തൈക്കോട്ടുകര ,ആലുവ എന്ന സ്ഥാപനം രേഖപ്പെടുത്തിയ 425000/രൂപയുടെ ടെന്റർ അംഗീകരിക്കുകയും 29/8/17 ൽ 'പ്രകൃതി' എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു. 27/9/17ൽ 425000/- രൂപയ്ക്കുള്ള യന്ത്രം ലഭ്യമാക്കിയിട്ടുണ്ട്. 31.10.17ലെ 21-ാം നം ട്രഷറിബിൽ പ്രകാരം 4,25,000/- രൂപ (വികസനഫണ്ട്) അക്കൗണ്ട് ട്രാൻസ്ഫറായി കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ 2.11.2018 ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.യൂണിറ്റ് സ്ഥാപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രോജക്റ്റ് ലക്ഷ്യത്തിനനുസൃതമായി യന്ത്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

2.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ മുറിയിൽ പ്രവർത്തിപ്പിക്കുന്നതിന് മതിയായ ചുറ്റുപാടുകളില്ലാതെ യന്ത്രം വച്ചിരിക്കുകയാണ്.

3.അങ്കണവാടി,ഹോമിയോ ഡിസ്പൻസറി,കൃഷിഓഫീസ് തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെയിടയ്ക്കാണ് നിലവിൽ മെഷിനറി വച്ചിട്ടുള്ളത്.ശബ്ദശല്യമുൾപ്പടെയുള്ള ദൂഷ്യമുള്ളതിനാൽ ഇവിടെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല.

4.മനുഷ്യ പ്രയത്നത്താൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ യന്ത്രത്തിനുള്ളിലേക്ക് നിക്ഷേപിച്ച് ഒരുമണിക്കൂറിൽ 60 മുതൽ 100 വരെ കിലോഗ്രാം പ്ലാസ്റ്റിക്ക് പൊടിയാക്കിമാറ്റാമെന്ന വിതരണക്കാരന്റെ അവകാശം ഇനിയും പരീക്ഷിച്ച് ഉറപ്പാക്കിയില്ല.

5. ഉപകരണം സ്ഥാപിക്കുന്നതിന് സ്ഥിരമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപേ തന്നെ ഉപകരണം വാങ്ങുകയാണുണ്ടായത്.

6.അനുബന്ധ ചെലവായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി വിവിധവാർഡുകളിൽ 275000 രൂപ മുടക്കി ബിന്നുകൾ സ്ഥാപിക്കുകയും ഇവയിൽ നിക്ഷേപിച്ച പ്ലാസ്റ്റിക് ശേഖരിച്ച് ചാക്കുകളിലാക്കി മെഷീൻ വച്ചിട്ടുള്ള മുറിയിൽതന്നെ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.ഇത് പൊടിയാക്കിമാറ്റാതെ ഇനി ശേഖരിച്ച് വയ്ക്കുന്നതിനും നിലവിൽ സൗകര്യമില്ല.

7.പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് ഷെഡ് നിർമിക്കുന്നതിനായി 10 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് നല്കിയിട്ടുണ്ട്.2017-18 ൽ 110ാം നമ്പരായി പ്രോജക്റ്റ് തയാറാക്കിയെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ പ്രോജക്റ്റ് നടപ്പാക്കാൻ സാധിച്ചില്ല.ഇപ്പോൾ സ്ഥലം ലഭ്യമാക്കി പ്രവൃത്തി നടന്നുവരുന്നിടത്ത് ഇലക്ട്രിസിറ്റി ലഭ്യമാകണമെങ്കിൽ പുതിയലൈൻ വലിക്കണമെന്നും അതിന് തുക കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്യണമെന്നുമാണ് നിലവിലെ അവസ്ഥ.

ഇപ്രകാരം മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും ആസൂത്രണവും മുന്നൊരുക്കങ്ങളുമില്ലാതെയും പ്രോജക്റ്റിന്റെ ലക്ഷ്യപ്രാപ്തിസാധ്യത പഠിക്കാതെയും മെഷീനറി വാങ്ങി നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതായാണ് കാണപ്പെട്ടത്.

അപാകത സംബന്ധിച്ച് 03.11.18ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/3.11.18) താഴെപ്പറയും പ്രകാരമുള്ള മറുപടി സെക്രട്ടറി ലഭ്യമാക്കി.

"നിലവിൽ ഗ്രാമപഞ്ചായത്തിന്റെ മുറിയിൽ താല്കാലികമായാണ് മെഷീൻ പ്രവർത്തിപ്പിക്കുന്നത്.ഇലക്ട്രിക് കണക്ഷനൾപ്പെടെ മുറിയിൽ സൗകര്യങ്ങൾ ഉണ്ടായിരുന്നതിനാലാണ് സ്ഥിരസംവിധാനം ഉണ്ടാകുന്നതിന് മുൻപ് മെഷിനറി വാങ്ങിയത്. പൊതു അവധി ദിവസങ്ങളിലും ഓഫീസ് സമയത്തിനു ശേഷമാണ് മെഷീൻ പ്രവർത്തിപ്പിക്കുന്നത്. വനിതാസംരംഭമെന്ന നിലയിലും കുടുംബശ്രീ പ്രവർത്തകർക്ക് വരുമാനമാർഗമുണ്ടാക്കുന്നതിനും കുടുംബശ്രീപ്രവർത്തകരെ ജീവനക്കാരായി നിയമിച്ച് പ്രവർത്തനം നടത്താനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഭൂമി ലഭിക്കുന്നതുൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് ജില്ലാപഞ്ചായത്ത് തുക അനുവദിച്ചതുപയോഗിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് കെട്ടിടസൗകര്യം തയാറാക്കാൻ സാധിക്കാത്തത്. കൂടാതെ ശുചിത്വ മിഷനും ക്ലീൻ കേരള കമ്പനിയും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ ഉണ്ടാക്കുന്ന ഉല്പന്നം ശേഖരിക്കുമെന്നും അറിയിച്ചിരുന്നു".

പ്രോജക്റ്റ് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് സാധ്യമായരീതിയിൽ മെഷീനറി ഇനിയും ശരിയായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലായെന്ന് നേരിൽ കണ്ടതിലും, ലഭ്യമാക്കിയ മറുപടിയിലും നിന്ന്

വ്യക്തമാകുന്നു. മെഷീനറിയുടെ ഉപയോഗം ഫലപ്രദമാക്കുന്നതിനും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമനം.1 മുതൽ 7 വരെ പരാമർശിച്ചിട്ടുള്ള അപാകതകളാലും നിലവിൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും മേൽ പ്രോജക്ടിനായുള്ള 4,25,000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ലോഗ് ബുക്കിൽ ചേർത്തിട്ടില്ലാത്ത ഡീസലിന്റെ വില - ചെലവ് അംഗീകരിക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-35-E. 9090 ബൊലേറോ ജീപ്പിന് ഇന്ധനം നിറയ്ക്കുന്നതുമായി ബന്ധപ്പെട്ട ബിൽ തുക ഇളംതോട്ടം എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നല്കിയതിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.വൗച്ചർ നം.21700257/14.7.17 തുക.12413.ചെക്ക് നം.33313/14.7.17

മേൽ വൗച്ചർ പ്രകാരം 5.6.17 മുതൽ 29.6.17 വരെയുള്ള കാലയളവിൽ പല തവണയായി പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന് നിറച്ച ഡീസൽ വില ഇളംതോട്ടം എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നുള്ള ഇന്റന്റ്, സ്ഥാപനത്തിന്റെ 5.6.17 ലെ 24572 നമ്പർ ബിൽ എന്നിവ പ്രകാരം നിറച്ച 3231 രൂപയ്ക്കുള്ള 53.47 ലിറ്റർ ഡീസൽ വില വൗച്ചറിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വാഹനത്തിന്റെ ലോഗ് ബുക്കിൽ ടി തീയതിയിൽ ഡീസൽ വാങ്ങിയതായി രേഖപ്പെടുത്തൽ ഇല്ല.

2.വൗച്ചർ നം.21700331/19.8.17 തുക11229.ചെക്ക്നം.33340/9.8.17

ടി വൗച്ചർ പ്രകാരം ഇളംതോട്ടം എന്റർപ്രൈസസ് ന് 7/2017 ലെ ഡീസൽവില നല്കുകയുണ്ടായി. 25.7.17 ലെ ബിൽ നം.27100 പ്രകാരമുള്ള 2759.16 രൂപയുടെ 46.58 ലിറ്ററിന്റെ ഉൾപ്പെടെയുള്ള ഡീസൽ വിലയാണ് നല്കിയത്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്കിൽ 25.7.17 ൽ ഡീസൽ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടില്ല.

ഇപ്രകാരം ലോഗ് ബുക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഡീസലിന്റെ വിലയായി നല്കിയ ആകെ തുക 5990/(3231+2759) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.14) മറുപടി ലഭ്യമാക്കിയില്ല.

## 3-3 സിമന്റ് പേവർ ബ്ലോക്ക് വിരിക്കൽ -അധിക തുക നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

സിമന്റ് പേവർ ബ്ലോക്ക് വിരിക്കൽ പ്രവൃത്തികളിൽ 80 എം. എം ബ്ളോക്കിന്റെ നിരക്കിൽ എസ്റ്റ്മേറ്റ് തയ്യാറാക്കുകയും തുക നൽകുകയും ചെയ്തു എങ്കിലും പ്രവൃത്തികളിൽ ഉപയോഗിച്ചത് 60 എം എം ബ്ളോക്കുകളാണ് എന്ന് 08/11/2018ൽ ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. അധിക തുക നൽകിയതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

നൽകിയ നിരക്ക്

സ്പെസിഫിക്കേഷൻ കോഡ് – 16.91.2

80 എം.എം.കനത്തിലുള്ള ഇന്റർലോക്കിങ്ങ് പേവർ ബ്ലോക്ക് വിരിക്കുന്ന പ്രവൃത്തി

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 8785 | 10 ച.മീ. പ്രവൃത്തിക്ക്<br>സാധനങ്ങൾ<br>60 എംഎം കനത്തിലുള്ള പേവർ ബ്ലോക്ക് | ച.മീ. | 10 | 370 | 3700 |
| 0982 | തരിമണൽ | ഘന.മീ | 0.5 | 1200 | 600 |
| 2203 | കടത്ത് | ഘന.മീ | 0.5 | 103.77 | 51.89 |
| 0983 | പൊടിമണൽ | ഘന.മീ | 0.15 | 760 | 114.00 |
| 2261 | കടത്ത് | ഘന.മീ | 0.15 | 103.77 | 15.57 |
| 0123 | മേസ്തിരി – 1st ക്ലാസ് | ദിനം | 0.5 | 487 | 243.50 |
| 0124 | മേസ്തിരി 2nd ക്ലാസ് | ദിനം | 0.5 | 448 | 224 |
| 0114 | ബെൽഡാർ | ദിനം | 1 | 368 | 368 |
| 0115 | കൂലി | ദിനം | 0.5 | 368 | 184 |
| | ആകെ | | | | 5500.96 |
| | കൂട്ടുക – വാട്ടർ ചാർജ് 1% | | | | 55.01 |
| | ആകെ | | | | 5555.97 |
| | കൂട്ടുക – ഓവർഹെഡ് ചാർജ് (7.5%) | | | | 416.70 |
| | 10 ച.മീറ്ററിന്റെ നിരക്ക് | | | | 5972.67 |
| | 1 ച.മീറ്ററിന് | | | | 597.27 |
| | കൂട്ടുക – കോസ്റ്റ് ഇൻഡക്സ് 44.12% | | | | 263.52 |
| | ആകെ | | | | 860.79<br>ie<br>860.8/ച.മീ |

നൽകാവുന്ന നിരക്ക്

60 എം.എം.കനത്തിലുള്ള ഇന്റർലോക്കിങ്ങ് പേവർ ബ്ലോക്ക് വിരിക്കുന്ന പ്രവൃത്തി

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 8689 | 10 ചതുരശ്ര മീറ്റർ പ്രവൃത്തിക്ക് 60 എം.എം.കനത്തിലുള്ള പേവർ ബ്ലോക്ക് | ച.മീ. | 10 | 350 | 3500 |
| 0982 | തരിമണൽ | ഘന മീ. | 0.5 | 1200 | 600 |
| 2203 | കടത്ത് | ഘന മീ. | 0.5 | 103.77 | 51.89 |
| 0983 | പൊടിമണൽ | ഘന മീ. | 0.15 | 760 | 114 |
| 2261 | പൊടിമണൽ കടത്ത്, വിരിക്കൽ കൂലി | ഘന മീ. | 0.15 | 103.77 | 15.57 |
| 0123 | മേസ്തിരി ടൈൽ വിരിക്കാൻ 1st ക്ലാസ് | ദിനം | 0.5 | 487 | 243.50 |
| 0124 | മേസ്തിരി ടൈൽ വിരിക്കാൻ 2nd ക്ലാസ് | ദിനം | 0.5 | 448 | 224 |
| 0114 | ബെൽഡാർ | ദിനം | 1 | 368 | 368 |

| | | | | | |
|---|---|---|---|---|---|
| 0115 | കൂലി | ദിനം | 0.5 | 368 | 184 |
| | ആകെ | | | | 5300.96 |
| | കൂട്ടുക – വാട്ടർ ചാർജ് | | | | 53.01 |
| | ആകെ | | | | 5353.97 |
| | കൂട്ടുക – ഓവർഹെഡ് 7.5% ചാർജ് | | | | 401.54 |
| | 10 ച.മീറ്ററിന്റെ നിരക്ക് | | | | 5755.51 |
| | 1 ച.മീറ്ററിന്റെ നിരക്ക് | | | | 575.55 |
| | കോസ്റ്റ് ഇൻഡക്സ് 44.12% | | | | 253.93 |
| | 1 ച.മീറ്ററിന് ആകെ | | | | 829.48 ie 829.5/ച.മീ. |

അധികം നൽകിയ നിരക്ക് – 860.8 – 829.5 = 31.3/ച.മീ.

1.പ്രോജക്ട് നം 157/18 വളവനാർകുഴി വടക്കേതോട് ഫുട്പാത്ത് ഇന്റർ ലോക്കിങ്.

അടങ്കൽ-49000

ചെലവ്- 47761 ബിൽ--88/31.3.18

കൺവീനർ-ശ്രീ. ഉസ് മാൻ പാലയ്ക്കൽ

എം ബുക്ക്-68/17-18

പേയ്മെന്റ് വിവരം

| | നല്കിയത് | നൽകാവുന്നത് |
|---|---|---|
| ആകെ വേലമൂല്യം (56.70 ച.മീ) | 56.70 x 860.80 =48807.36 | 56.70 x 829.5= 47032.56 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1220.18 | 1175.81 |
| | 47587.18<br>ie 47587 | 45856.75<br>ie45857 |
| കുറയ്ക്കുക-ഐ.ടി (2%) | 952 | 917 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 476 | 459 |
| നെറ്റ് തുക | 46159 | 44481 |
| അധികം നൽകിയ തുക | 80 എം എം പകരം 60 എം.എംബ്ളോക്ക് വിരിച്ചതിനാൽ രൂ 1678 അധികം | |

2.പ്രോജക്ട് നം 158/18 വളവനാർകുഴി -തേവരുപാറ ഇടവഴി ഇന്റർ ലോക്കിങ്.

അടങ്കൽ-49000

ചെലവ്- 47761 ബിൽ--88/31.3.18

കൺവീനർ-ശ്രീ. സിറാജ് കെ കെ

എം ബുക്ക്-67/17-18

<u>പേയ്മെന്റ് വിവരം</u>

| | നല്കിയത് | നൽകാവുന്നത് |
|---|---|---|
| ആകെ വേലമൂല്യം- | 56.403 x 860.80 =48551.70 | 56.403 x 829.5= 46786.29 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1213.79 | 1169.66 |
| | 47347.91<br>ie 47348 | 45616.63<br>ie45617 |
| കുറയ്ക്കുക-ഐ.ടി (2%) | 947 | 912 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 473 | 456 |
| നെറ്റ് തുക | 45928 | 44249 |
| അധികം നൽകിയ തുക | 80 എം എം പകരം 60 എം.എംബ്ളോക്ക് വിരിച്ചതിനാൽ രൂ 1679 അധികം | |

3.പ്രോജക്ട് നം 156/18 വളവനാർകുഴി- ആറ്റുചാലിൽ ഫുട്പാത്ത് ഇന്റർ ലോക്കിങ്ങ്

അടങ്കൽ – 49000

ചെലവ് - 47761 ബിൽ--88/31.3.18

കൺവീനർ-ശ്രീ. ഷമീർ പുത്തൻവീട്ടിൽ

എം ബുക്ക്-69/17-18

<u>പേയ്മെന്റ് വിവരം</u>

| | നല്കിയത് | നൽകാവുന്നത് |
|---|---|---|
| ആകെ വേലമൂല്യം- | 56.70 x 860.80 =48807.36 | 56.70 x 829.5= 47032.65 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1220.18 | 1175.82 |

| | | |
|---|---|---|
| | 47587.18<br>ie 47587 | 45856.83<br>ie45857 |
| കുറയ്ക്കുക-ഐ.ടി (2%) | 952 | 917 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 476 | 459 |
| നെറ്റ് തുക | 46159 | 44481 |
| അധികം നൽകിയ തുക | 80 എം എം പകരം 60 എം.എംബ്ളോക്ക് വിരിച്ചതിനാൽ രൂ 1678 | |

മൂന്ന് പ്രവൃത്തികളിലായി 5035/- രൂപ (1678+1679+1678) അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.24/09.11.2018) ലഭ്യമാക്കിയ മറുപടിയിൽ 60mm ഉപയോഗിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും അധിക തുക കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അധികം നല്കിയ 5035/- രൂപ കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കി-കൺവീനർക്ക് അധിക തുകനല്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ

മരാമത്ത് പ്രവൃത്തികളിൽ നികുതിവിഹിതം നൽകുമ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ്ജ്കൂടി ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിവരുന്നത്. 2017-18 വർഷം ഡേറ്റാ പരിശോധിച്ചതിൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്കുകളുടെ 10% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും 31.03.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2% ആദായനികുതിയും 1% കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് വരുത്തിയിരിക്കുന്നത്. താഴെപറയുന്ന പ്രോജക്ടുകളുടെ ഒ എച്ച് 2.5% കുറവ് ചെയ്ത തുക പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 4.5% തുക അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട്.(145/17-18 നമ്പർ പ്രോജക്ടിൽ ഒ എച്ച് 2.5% കുറവ് വരുത്തിയില്ല ആയതിനാൽ 7% അധികം നൽകി). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം 170/18 ചേരിമല- തടിക്കപ്പറമ്പ് റോഡ് പൂർത്തീകരണം

അടങ്കൽ-49000

ചെലവ്- 47761 ബിൽ--88/31.3.18

കൺവീനർ-ശ്രീ. പിഎം ദേവസ്യ

എം ബുക്ക്-83/17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 48985 | 48985 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1224 | 1224 |
| | 47760.94 ie47761 | 47760.94 ie 47761 |
| കുറയ്ക്കുക-ഐ.ടി (2%) | 955 | 955 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 478 | 478 |
| ആകെ | 46328 | 46328 |
| ഓവർ ഹെഡ് ചാർജ്(4.5%) | 2204 | 0 |
| നെറ്റ് തുക | 44124 | 46328 |
| അധികം നൽകിയ തുക | | 2204 |

2.പ്രോജക്ട് നം 171/18 അനയിളപ്പ് -അറമത്ത് പട്ടണം റോഡ് പുനരുദ്ധാരണം

അടങ്കൽ-49000

ചെലവ്- 47673 ബിൽ--86/28.03.18

കൺവീനർ-ശ്രീ. എം ജെ മനോജ്

എം ബുക്ക്- 76/17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 48895.11 | 48895.11 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1222 | 1222.37 |
| | 47672.74 ie47673 | 47672.74 ie 47673 |
| കുറയ്ക്കുക-ഐ.ടി (2%) | 953 | 953 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 477 | 477 |
| ആകെ | 46243 | 46243 |
| ഓവർ ഹെഡ് ചാർജ്(4.5%) | 2200 | 0 |
| നെറ്റ് തുക | 44043 | 46243 |

| | | |
|---|---|---|
| അധികം നൽകിയ തുക | | 2200 |

3.പ്രോജക്ട് നം 172/18 ഞണ്ട്കല്ല്- കൊച്ചോലി കോളനിറോഡ് കോൺക്രീറ്റിങ്ങ്

അടങ്കൽ-49000

ചെലവ്- 47722. ബിൽ--81/27.03.18

കൺവീനർ-ശ്രീ. ബേബി ജോർജ്

എം ബുക്ക്- 75/17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 48945.98 | 48945.98 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1223.65 | 1223.65 |
| | 47722.33<br>ie47722 | 47722.33<br>ie 47722 |
| കുറയ്ക്കുക-ഐ.ടി (2%) | 954 | 954 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 477 | 477 |
| ആകെ | 46291 | 46291 |
| ഓവർ ഹെഡ് ചാർജ്(4.5%) | 2203 | 0 |
| നെറ്റ് തുക | 44088 | 46291 |
| അധികം നൽകിയ തുക | | 2203 |

4.പ്രോജക്ട് നം .164/17-18 അനയിളപ്പ്- കീരിയാത്തോട്ടം നടപ്പാത റീകോൺക്രീറ്റിങ്ങ് റീച്ച് 2

അടങ്കൽ-49000

ചെലവ്- 48946. ബിൽ--78/27.03.18

കൺവീനർ-ശ്രീ. ജെയിംസ് ജോസഫ്

എം ബുക്ക്- 77/17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 48946 | 48946 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1224 | 1224 |
| | 47722 | 47722 |
| കുറയ്ക്കുക-ഐ.ടി (2%) | 954 | 954 |

| | | |
|---|---|---|
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 477 | 477 |
| ആകെ | 46291 | 46291 |
| ഓവർ ഹെഡ് ചാർജ്(4.5%) | 2203 | 0 |
| നെറ്റ് തുക | 44088 | 46291 |
| അധികം നൽകിയ തുക | | 2203 |

5 .പ്രോജക്ട് നം 79/17-18 അനയിളപ്പ് കീരിയാത്തോട്ടം നടപ്പാത കോൺക്രീറ്റിങ്ങ്

അടങ്കൽ-48000

ചെലവ്- 43570. ബിൽ--56/28.2.18

കൺവീനർ-ശ്രീ. ജെയിംസ് ജോസഫ്

എം ബുക്ക്- 61/17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 43570 | 43570 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1089 | 1089 |
| | 42481 | 42481 |
| കുറയ്ക്കുക-ഐ.ടി (2%) | 850 | 850 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 425 | 425 |
| ആകെ | 41206 | 41206 |
| ഓവർ ഹെഡ് ചാർജ്(4.5%) | 1961 | 0 |
| നെറ്റ് തുക | 39245 | 41206 |
| അധികം നൽകിയ തുക | | 1961 |

6 പ്രോജക്ട് നം 145/17-18 തേവരുപാറ വെട്ടിയാം പ്ലാക്കൽ റോഡ് കോൺക്രീറ്റിങ്ങ്

അടങ്കൽ-48000

ചെലവ്- 43570. ബിൽ--

കൺവീനർ-ശ്രീ. സനീർ പി.ഇ

എം ബുക്ക്- 60/17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നൽകിയത് |
|---|---|---|

| | | |
|---|---|---|
| ആകെ വേലമൂല്യം- | 49251 | 49251 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 0 | 0 |
| | 49251 | 49251 |
| കുറയ്ക്കുക-ഐ.ടി (2%) | 985 | 985 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 493 | 493 |
| ആകെ | 47773 | 47773 |
| ഓവർ ഹെഡ് ചാർജ്(7%) | 3447.5<br>ie 3448 | 0 |
| നെറ്റ് തുക | 44325 | 47773 |
| അധികം നൽകിയ തുക | | 3448 |

7. പ്രോജക്ട് നം 88/17-18 ആനയിളപ്പ് -വളവനാർകുഴി റോഡ് കോൺക്രീറ്റിങ്ങ്

അടങ്കൽ-49000

ചെലവ്- 43517. ബിൽ--41/27.01.18

കൺവീനർ-ശ്രീ. കെ കെ സിറാജ്.

എം ബുക്ക്- 07 /17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 43517 | 43517 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 0 | 0 |
| | 43517 | 43517 |
| കുറയ്ക്കുക-ഐ.ടി (2%) | 870 | 870 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 435 | 435 |
| ആകെ | 42212 | 42212 |
| ഓവർ ഹെഡ് ചാർജ്(7%) | 3046 | 0 |
| നെറ്റ് തുക | 39166 | 42212 |
| അധികം നൽകിയ തുക | | 3046 |

8 പ്രോജക്ട് നം 95/17-18 വേലത്തുശ്ശേരി മുപ്പതേക്കർ റോഡ് കോൺക്രീറ്റിങ്ങ്

അടങ്കൽ-49000

ചെലവ്- 44225. ബിൽ--65/20.03.18

കൺവീനർ-ശ്രീ. ജോസഫ് കെ വി

എം ബുക്ക്- 70/17-18

പേയ്മെന്റ് വിവരം

| | നൽകാവുന്നത് | നല്കിയത് |
|---|---|---|
| ആകെ വേലമൂല്യം- | 44225 | 44225 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 1106 | 1106 |
| | 43119 | 43119 |
| കുറയ്ക്കുക-ഐ.ടി (2%) | 862 | 862 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 431 | 431 |
| ആകെ | 41826 | 41826 |
| ഓവർ ഹെഡ് ചാർജ്(4.5%) | 1990 | 0 |
| നെറ്റ് തുക | 39836 | 41826 |
| അധികം നൽകിയ തുക | | 1990 |

നികുതി വിഹിതം അടവാക്കാനുള്ള തുകയിലധികം പിൻവലിച്ചതിനാൽ മേൽ പ്രോജക്ടുകളുടെ കൺവീനർമാർക്ക് അധികം തുക നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07.11.2018)ൽ കൺവീനർമാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി. മേൽപറഞ്ഞ 8 പ്രവൃത്തികളിലായി അധികം നൽകിയ 19,255/- രൂപ (2204+2200+2203+2203+ 1961+3448+3046+1990) കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 ലോഗ് ബുക്കിലില്ലാത്ത യാത്രകൾക്ക് യാതാപ്പടി നല്കിയത് .അംഗീകരിക്കുന്നില്ല.

(1) വൗച്ചർനം.21700283/27-7-17 തുക 5000/.

(2)വൗച്ചർനം.21700898/22.3.18 തുക2925/

വൗച്ചർ (1)പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 2/2016 മുതൽ 12/2016 വരെയുള്ള ഔദ്യോഗികയാത്രകളുടെ യാത്രപ്പടി 125 രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ വൗച്ചർ(2) പ്രകാരം യഥാർഥത്തിൽ നല്കേണ്ടിയിരുന്നതിൽ കുറവായി നല്കിയ 75/- രൂപ വീതവും അനുവദിച്ചു.എന്നാൽ യാത്രപ്പടി കൈപ്പറ്റിയ ചുവടെ ചേർക്കുന്ന യാത്രകൾ യഥാർഥത്തിൽ നടന്നിരുന്നില്ലയെന്നാണ് പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽനിന്ന് വ്യക്തമായത്.

1.27-9-16 ,10am-3pm,കോട്ടയത്ത് പോയിവന്ന യാത്ര; ജീപ്പ് യാത്ര 1/2 ഡി.എ. 125 +75രൂപ അനുവദിച്ചു.

2.14-11-16,1pm-6pm,ഡി.പി.സി മീറ്റിംഗിന് കോട്ടയത്ത് പോയിവന്ന ജീപ്പ് യാത്ര 1/2 ഡി.എ.125 +75രൂപ അനുവദിച്ചു.

3.28-12-16,12pm-6pm,ഡി.പി.സി മീറ്റിംഗിന് കോട്ടയത്ത് പോയിവന്ന ജീപ്പ് യാത്ര 1/2 ഡി.എ. 125 +75 രൂപ അനുവദിച്ചു.

ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ടി യാത്രകൾക്ക് യാത്രപ്പടി അനുവദിച്ചത് അംഗീകരിക്കുന്നില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.16/06.11.2018) മറുപടി ലഭ്യമാക്കിയില്ല.

## 3-6 ക്ഷീര കർഷകർ അളക്കുന്ന പാലിന് സബ്സിഡി-അധികതുക നൽകി - ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം : 15/18

പ്രോജക്ട് – ക്ഷീരകർഷകർ അളക്കുന്ന പാലിന് സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ : 3,25,000(വികസനഫണ്ട്-2,00,000/-,ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1,25,000/-)

ചെലവ് : ബിൽ നം-1/17-18-Rs.146318/-തീ.26.10.17

ബിൽ നം-2/17-18-Rs. 53682/-തീ.19.12.17

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1,25,000/-തീ.26.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ക്ഷീര കർഷകർ അളക്കുന്ന പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം 2017 ഏപ്രിൽ മുതൽ സെപ്തംബർ വരെ തീക്കോയി ക്ഷീരോത്പാദന സഹകരണ സംഘത്തിൽ അളന്ന പാലിന് സബ്സിഡി നൽകുന്നതിനായി ബിൽ നം-1/17-18 പ്രകാരം പിൻവലിച്ച 146318/-രൂപയിൽ ശ്രീമതി.മേരി വർഗ്ഗീസ് ,കണ്ണായത്തിൽ എന്ന ഗുണഭോക്താവിന് 1073.8 ലിറ്റർ പാലിന്റെ സബ്സിഡി തുകയായി 3368/-രൂപ നൽകേണ്ടതിന് പകരം 3368/-രൂപ രണ്ട് പ്രാവശ്യം(₹6736/-) നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നം.21/18.11.18)ക്ക് മറുപടി ലഭിച്ചിട്ടില്ല. അധികമായി നൽകിയ ₹3368/-ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 50 ടാപ്പുകൾക്കായി 5250/രൂപ നിരക്കിൽ 2017-18 ൽ 262500/ രൂ വാട്ടർഅതോറിട്ടിക്ക് നല്കി.ഫണ്ടിന്റെ കുറവ് മൂലം തനതുഫണ്ടിൽ നിന്നുള്ള ചെലവ്തുക റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്ന് പ്രോജക്റ്റ് പ്രകാരംമാറി തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്യുകയുണ്ടായി.

23-8-17 ലെ അജണ്ട 7 തീരുമാനം 1 പ്രകാരം യഥാർഥത്തിൽ പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിട്ടിയുമായി ചേർന്ന് 14-9-2017 ന് സംയുക്തപരിശോധന നടത്തുന്നതിന് നിശ്ചയിച്ചിരുന്നുവെങ്കിലും നടപ്പിലായില്ല.

എക്സിറ്റ് മീറ്റിംഗിൽ ഇതുസംബന്ധിച്ച ചർച്ചയിൽ ജലനിധിപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ വാട്ടർഅതോറിട്ടിയുടെ ടാപ്പുകൾ ഒഴിവാക്കപ്പെടുമെന്നാണ് അറിയിച്ചത്.എന്നാൽ ജലനിധിപ്രോജക്ടുകൾ ഇനിയും പൂർത്തിയാകാത്ത സാഹചര്യത്തിൽ പ്രവർത്തിക്കാത്ത ടാപ്പുകൾ സംയുക്തപരിശോധനയിലൂടെ കണ്ടെത്തി ഇത്തരം ടാപ്പുകളുടെ കരം ഒഴിവാക്കാൻ ഭരണസമിതിയുടെ സത്വരനടപടികൾ ഉണ്ടാകേണ്ടതാണ്.

## 3-8 വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തത്-കരാർ ഇല്ല.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടുന്നതിനായി പ്രോ.നം.23/18 ആയി തുക വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എക്സി.എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പാലായുടെ പേരിൽ 1088056/- രൂപയും,(ട്രഷറിബിൽനം.20/2017-18/30-10-17), എക്സി.എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഈരാറ്റുപേട്ടയുടെ പേരിൽ 21100/-രൂപയും (ട്രഷറിബിൽനം.33/18/26-2-18) ഉൾപ്പെടെ ആകെ 1109156/- രൂപയാണ് ഡെപ്പോസിറ്റ് ചെയ്തത്.

എന്നാൽ ഇതുസംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡുമായി കരാർ വച്ചിട്ടില്ല. നിലവിൽ വൈദ്യുതിബോർഡ് ഇത്തരം കരാറുകളിൽ ഏർപ്പെടാറില്ലയെന്നാണ് ഭരണസമിതിഅംഗങ്ങൾ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്.

പ്രവൃത്തികൾ പൂർത്തിയായിട്ടുമില്ല. കരാറിലേർപ്പെടാത തുക നൽകിയതിനാലും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും മേൽ പ്രോജക്ടുകൾക്കായുള്ള 11,09,156/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ജലനിധി പദ്ധതിസംബന്ധിച്ച്.

തീക്കോയി ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ ഭാഗമായി കുടുംബ കേന്ദ്രീകൃതമായി 16 ഗുണഭോക്തൃഗ്രൂപ്പുകളെ (BG) കണ്ടെത്തി ഇവ അടിസ്ഥാനമാക്കി ആകെ 8.28 കോടി രൂപയുടെ അടങ്കൽ നിശ്ചയിച്ച് ജലവിതരണ പദ്ധതികളുടെ സംരക്ഷണം, വിപുലീകരണം എന്നിവയ്ക്കായുള്ള നിർമ്മാണ പ്രവൃത്തികൾ നടന്ന് വരുന്നു. ഓരോ പദ്ധതിയുടേയും ഭാഗമായി പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുക/നിലവിലുള്ളവ നവീകരിക്കുക, കവർസ്ലാബ്/മേൽക്കൂര നിർമ്മാണം, പമ്പ് സ്ഥാപിക്കൽ, പമ്പിംഗ് മെയിൻ,ഓവർഹെഡ് ടാങ്ക് നിർമ്മാണം, വിതരണ ലൈൻ, വാട്ടർ മീറ്ററുകൾ സ്ഥാപിക്കൽ,മഴവെള്ളസംഭരണികൾ സ്ഥാപിക്കൽ,വാട്ടർ അതോറിട്ടിയുടെ കുടിവെള്ളപദ്ധതികളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾക്കായി ആകെ 8.28കോടി രൂപ അടങ്കലിലുള്ള പദ്ധതിയാണ് വിവിധ വാർഡുകളിലായി ഏറ്റെടുത്ത് വരുന്നത്. രൂപീകരിക്കപ്പെട്ട ഗുണഭോക്തൃഗ്രൂപ്പുകൾ സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പദ്ധതികളുടെ പേര് | ആകെ കുടുംബങ്ങളുടെ എണ്ണം | സാങ്കേതികാനുമതി തുക |
|---|---|---|---|
| 1 | മംഗളഗിരി | 89 | 4866000 |
| 2 | വേലത്തുശ്ശേരി | 96 | 9331000 |
| 3 | വഴിക്കടവ് | 61 | 8410000 |
| 4 | ചേരിമല | 128 | 9666000 |
| 5 | ചാത്തപ്പുഴ | 28 | 2517000 |
| 6 | ശാന്തിഗിരി | 175 | 11065700 |
| 7 | അറുകോൺമല | 104 | 2226700 |
| 8 | സഹ്യാദ്രി വാഗമറ്റം | 134 | 2240000 |

| | | | |
|---|---|---|---|
| 9 | പടന്നമാക്കൽ( വാട്ടർഅതോറിട്ടിയിൽ നിന്ന് കൈമാറിയത് ) | 100 | 3759982 |
| 10 | വരകുപാറ(,,) | 93 | 6224000 |
| 11 | കരിക്കാട് (മഴവെള്ള സംഭരണം) | 55 | 2040000 |
| 12 | ഇഞ്ചപ്പാറ (,,) | 40 | 2240000 |
| 13 | മാവടി (,,) | 56 | 9218000 |
| 14 | ഒറ്റയീട്ടി (,,) | 94 | 3774000 |
| 15 | മുപ്പതേക്കർ മംഗലം (,,) | 51 | 3592000 |
| 16 | വെള്ളികുളം (,,) | 56 | 1600000 |

ആകെ അടങ്കൽ തുകയുടെ 15% ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. 2017-18ലെ 9-ാം നമ്പർ പ്രോജക്ട് പ്രകാരം 20 ലക്ഷം രൂപ ധനകാര്യകമ്മീഷൻ വിഹിതം ജലനിധിപ്രവൃത്തികൾക്ക് പഞ്ചായത്ത് നല്കിയിട്ടുണ്ട്. 2018 ൽ ജലനിധി പ്രോജക്റ്റ് പൂർത്തീകരിക്കേണ്ടതിനാൽ പഞ്ചായത്തിന് പ്രോജക്ട് പ്രകാരം വകയിരുത്താൻ സാധിക്കുന്നത് കിഴിച്ചുള്ള തുക ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, എം.എൽ.എ ഫണ്ട് എന്നിങ്ങനെ തുക അഭ്യർത്ഥിച്ച് തീരുമാനിച്ചതായി 15-5-2017ലെ പഞ്ചായത്ത്കമ്മറ്റി മിനിറ്റ്സിൽ നിന്ന് വ്യക്തമാകുന്നു.

പഞ്ചായത്ത്തല ജലനിധി ടീം ലീഡർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം മിക്ക വാർഡുകളിലെയും പ്രവൃത്തികൾ പൂർത്തിയായതായാണ് കാണുന്നത്. ശേഷിക്കുന്ന പ്രവൃത്തികൾ 2018 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിച്ച് എല്ലാ പദ്ധതികളും ഗുണഭോക്തൃസമിതികൾക്ക് കൈമാറാവുന്ന നിലയിലായിട്ടുണ്ട്. ലക്ഷ്യസാധ്യത്തിന് മതിയായ മോണിറ്ററിങ്ങ് ഗ്രാമപഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

## 3-10 വേസ്റ്റ് ബിൻ സ്ഥാപിക്കൽ-നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രോജക്ട് നം : 153/18

അടങ്കൽ : ₹ 2,75,000/-(വികസനഫണ്ട് -ജനറൽ)

ചെലവ് : ₹ 2,75,000/-

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വേസ്റ്റ്ബിൻ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വേസ്റ്റ്ബിൻ സപ്ലൈ ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ മാർഗ്രറ്റ്,ജെ ജെ ട്രേഡേഴ്സ്, പി ജെ ജോസഫ്, നവഭാരത് ഏജൻസീസ് എന്നീ 2 സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിരുന്നത്. അവയിൽ മാർഗ്രറ്റ്, ജെ ജെ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെൻഡറാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ, ശ്രീ.പി ജെ ജോസഫ്, നവഭാരത് ഏജൻസീസ് സമർപ്പിച്ചിട്ടുള്ള പ്രാഥമിക കരാറിൽ (₹200/-മുദ്രപ്പത്രത്തിൽ) " 2018 ഫെബ്രുവരി 26 കോട്ടയം വൈക്കം ജെ ജെ ട്രേഡേഴ്സിനു വേണ്ടി P.J.ജോസഫ് എഴുതിത്തന്ന കരാർ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും

മേൽപ്പറഞ്ഞ 2 സ്ഥാപനങ്ങളും ഒന്നു തന്നെയാണെന്ന സൂചന നൽകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.1)നൽകിയിരുന്നു. പ്രാഥമിക അന്വേഷണത്തിൽ ഒരെണ്ണം ഭർത്താവിന്റെ പേരിലുള്ള ഏജൻസിയും രണ്ടാമത്തേത് ഭാര്യയുടെ പേരിലുള്ള ഏജൻസിയുമാണെന്ന് ബോധ്യമായി എന്നും കരാറിൽ ഏർപ്പെട്ടപ്പോൾ നവഭാരത് എന്നതിന് പകരം ജെ.ജെ ട്രേഡേഴ്സ് എന്ന് തെറ്റി കരാറിൽ ഏർപ്പെട്ടതാണ് എന്നും ഇത് ബോധപൂർവ്വമുള്ള തെറ്റ് ആയിരിക്കില്ല എന്ന് അനുമാനിക്കുന്നു എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ മറുപടി നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥനോ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ ടെൻഡറുകൾ,കരാറുകൾ എന്നിവ സൂക്ഷ്മമായി പരിശോധിക്കുന്നില്ല എന്നത് ഇതിൽനിന്ന് വ്യക്തമാകുന്നു. ഒരു ടെൻഡർ മാത്രം ലഭിച്ചതിന് സമാനമായ സാഹചര്യമാണ് ഈ സംഗതിയിലുള്ളത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിൽ വാങ്ങലുകളിൽ മത്സരസ്വഭാവം ഉറപ്പാക്കുന്നതിന് ഇവിടെ സാധിച്ചിട്ടില്ല .ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാവാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-11 തുക പണമായി നൽകൽ ക്രമവിരുദ്ധം

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ബാലസഭ (പ്രോജക്ട് നം.26/18, ചെലവ്-₹25,000/-),സാന്ത്വനം 2017 (പ്രോജക്ട് നം.25 , ചെലവ്-₹50,000/-) പദ്ധതികളിൽ തുകകൾ കുടുംബശ്രീയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് അവിടെനിന്നും സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് പണമായി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ₹1000/-ൽ അധികമുള്ള തുകകൾ പണമായി വിതരണം ചെയ്യരുത് എന്ന് വ്യവസ്ഥയുള്ളപ്പോൾ ₹34500/-(ആൻസ് റെസ്റ്റോറന്റ്,തീക്കോയി) ഉൾപ്പെടെയുള്ള തുകകൾ പണമായി നൽകിയിട്ടുള്ളത് ക്രമവിരുദ്ധമാണ്.₹1000/-ൽ അധികമുള്ള തുകകൾ സ്ഥാപനങ്ങളുടെ/വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്യേണ്ടിയിരുന്നത്.ഭാവിയിൽ ഇത്തരം ക്രമവിരുദ്ധനടപടികൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 200000 | വളവനാർകുഴി അങ്കണവാടി നിർമ്മാണം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റിന് ഷെഡ് നിർമ്മാണം | 0 | 1000000 |
| ബ്ളോക്ക് | 2017-18 | 100000 | പാലിയേറ്റീവ് കെയർ | 45657 | 54343 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 125000 | ക്ഷീര കർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ് | 125000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ. ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ട്രഷറി ബിൽ നം/തീയതി 1)20/17-18 തീയതി 30.10.17<br>2)33/17-18 / 26.02.18 | 1088056<br>21100 | 0 | 1109156 |
| ആകെ | | 1109156 | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്ചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-3 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നല്കിയത് സംബന്ധിച്ച്. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ച് വരുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം.

ചാർജ് സർചാർജ് നടപടികൾ നിലവിലില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 76152321 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71770810 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 34248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1534156 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 (1) | | 3231 | ശ്രീ.പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി |
| 3-2 (2) | | 2759 | |
| 3-3 | | 5035 | ശ്രീമതി ഗിരിജ വി.റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-4 | | 19255 | ശ്രീമതി ഗിരിജ വി.റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 600 | ശ്രീ.പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി |
| 3-6 | | 3368 | ശ്രീ.അനിയൻ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | | 34248 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 425000 | ശ്രീ.പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി |
| 3-8 | 1109156 | ശ്രീ.പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി |
| ആകെ | 1534156 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി | സെക്രട്ടറി, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | പുളിമൂട്ടിൽ വീട്, മാങ്ങാനം പി.ഒ., കോട്ടയം |
| ശ്രീമതി ഗിരിജ വി.റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | മഠത്തുങ്കൽ, മണർകാട് പി.ഒ., കോട്ടയം |
| ശ്രീ.അനിയൻ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, കോന്നി, കോന്നി ബ്ലോക്ക് പഞ്ചായത്ത്, ഇളകൊല്ലൂർ പി.ഒ., പത്തനംതിട്ട | മണിമല, ഗാന്ധിനഗർ പി.ഒ., കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ |
|---|---|---|

| | കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി2/985/96 4.01.97/16.4.97 | |
| 1997-98 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(1), 26.11.14 | 1 |
| 1998-99 | എൽ.എഫ്.കെ.പി7/965/02 20.11.04/13.12.04 | -- |
| 1999-00 | എൽ.എഫ്.കെ.പി2/1253/അദാ/14(2), 08.01.15 | 2 |
| 2000-01 | കെഎസ്എ.കെടിഎം.പി.14/(അദാ.18)218(3) 03.02.18 | -- |
| 2002-03 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(10) 17.03.18 | 1 |
| 2003-04 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(2) 03.02.18 | 1 |
| 2004-05 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(4) 03.02.18 | 3 |
| 2005-06 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(5) 03.02.18 | 1 |
| 2006-07 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(6) 03.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി3/232/10, 11.06.13 | |
| 2008-09 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(7) 03.02.18 | 3 |
| 2009-10 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(8) 03.02.18 | 3 |
| 2010-11 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(11) 03.02.18 | 5 |
| 2011-12,2012-13 | കെഎസ്എ.കെടിഎം.പി.14/(അദാ.2018)218(9) 03.02.18 | 3 |
| 2013-14,2014-15 | കെഎസ്എ.കെടിഎം.പി.14/906/17/23.11.18 | 17 |
| 2015-16 | കെഎസ്എ.കെടിഎം.പി.2/7/17/25.04.17 | 10 |
| 2016-17 | കെഎസ്എ.കെടിഎം.പി.14/18/2018/24.02.18/26.02.18 | 10 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## <u>അനുബന്ധം 1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-കെ.ടി.എം.പി**14-2022/2018** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി: **28.11.2018**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോട്ടയം.